**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 873** **24-02-2022 - ൽ മറുപടിയ്ക്ക്**

**സാഹസിക ടൂറിസത്തിനുള്ള സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ട്രക്കിംഗ് പോലുള്ള സാഹസിക ടൂറിസത്തിന്റെ ഭാഗമായി കേരളത്തിലെ വനപ്രദേശങ്ങളിൽ എത്തുന്ന ടൂറിസ്റ്റുകൾക്കായി വനം വകുപ്പ് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | വനം വകുപ്പ് സാഹസിക ടൂറിസങ്ങളൊന്നും തന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ ഇക്കോ-ടൂറിസം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്രക്കിംഗിങ്ങിനു എത്തുന്ന സന്ദർശകർക്ക് പരിചയ സമ്പന്നരായ ഗൈഡുകളുടെ സാന്നിദ്ധ്യത്തിൽ മാർഗ്ഗ നിർദ്ദേശങ്ങളോടു കൂടി വന പാതയിലൂടെ സുരക്ഷിതമായ ട്രക്കിംഗ് നടത്തിവരുന്നുണ്ട്. ടി സഞ്ചാരികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ ക്യാമ്പ് ഷെഡുകൾ, കുടിവെള്ള സൗകര്യം, ടോയിലറ്റ്, മുതലായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇക്കോ-ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന സന്ദർശകർക്ക് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരം സാഹസിക ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി എന്തൊക്കെ സുരക്ഷാ സംവിധാനങ്ങളാണ് വനം വകുപ്പ് നിലവിൽ ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | വനം വകുപ്പ് സാഹസിക ടൂറിസങ്ങളൊന്നും തന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ ഇക്കോ-ടൂറിസം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്രക്കിംഗിങ്ങിനു എത്തുന്ന സന്ദർശകർക്ക് പരിചയ സമ്പന്നരായ ഗൈഡുകളുടെ സാന്നിദ്ധ്യത്തിൽ മാർഗ്ഗ നിർദ്ദേശങ്ങളോടു കൂടി വന പാതയിലൂടെ സുരക്ഷിതമായ ട്രക്കിംഗ് നടത്തിവരുന്നുണ്ട്. ടി സഞ്ചാരികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ ക്യാമ്പ് ഷെഡുകൾ, കുടിവെള്ള സൗകര്യം, ടോയിലറ്റ്, മുതലായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇക്കോ-ടൂറിസം കേന്ദ്രങ്ങളിൽ എത്തുന്ന സന്ദർശകർക്ക് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | അടുത്തയിടെ പാലക്കാട് കുർമ്പാച്ചി മലയിൽ ട്രക്കിംഗിനിടെ ഉണ്ടായതു പോലുള്ള അപകടങ്ങൾ നേരിടുന്നതിനായി പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥർ വനം വകുപ്പിൽ നിലവിലുണ്ടോ; | (സി) | സാഹസിക ടൂറിസം മൂലമുണ്ടാകാവുന്ന അപകടസ്ഥിതിയെ നേരിടുന്നതിനുള്ള വിദഗ്ധ പരിശീലനം വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടില്ല. |
| (ഡി) | എങ്കിൽ ഇത്തരം സന്ദർഭങ്ങൾ നേരിടുന്നതിനും | (ഡി) | വനമേഖലയ്ക്കുള്ളിൽ അപകടം വരുത്തുന്ന സാഹസിക |

| | | | |
|---|---|---|---|
| | സാഹസിക സഞ്ചാരികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അവർക്ക് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുമായും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | | വിനോദങ്ങളൊന്നും തന്നെ അനുവദിക്കാറില്ല. |

സെക്ഷൻ ഓഫീസർ